# അഭിലാഷം

കെ. ആർ. മോഹൻദാസ്, II B. A.

I

സ്വീകരിച്ചാലും ദേവി
ഈ രാഗസപര്യയെ
നീ വരിച്ചാലുമെന്നെ
നിത്യകാമുകനായി.

ആയിരം മോഹങ്ങളാം
മാരിവില്ലുകളെൻെറ
മായികസങ്കല്പത്തിൽ
തെളിഞ്ഞു മിന്നീടുന്നു.

പുഷ്പമേ, പുഷ്യദ്രാഗ-
സൗഭഗസമ്പന്നേ നീ-
യെത്തുകെൻ ചാരത്തി,ഞാ-
നേകിടാമെല്ലാമെല്ലാം.

II

വന്നു നീ മദാലസ
ലാസ്യയായ് മനോഹരി
നിന്നുനീ വികാരത്തിൻ
വേലിയേററമായെന്നിൽ

ഒന്നു ഞാൻ പുണർന്നാദ്യ
ചുംബനം പകർന്നോട്ടെ
നിൻമാറിൽ ലയിച്ചെന്നും
നിർവൃതി നുണഞ്ഞോട്ടെ.

# "ആത്മാവുകളുടെ ശബ്ദങ്ങൾക്കുമുമ്പിൽ"

എ. പി. പവിത്രൻ, Final B. Sc.

ആരോമൽ മെത്തയിലേതും കിടക്കാതെ
ആരുടെ കയ്യിലും പോയിടാതെ
കൈകാൽ നിലത്തടിച്ചാവോളമുച്ചത്തിൽ
കേഴുന്നു കൺമണിപ്പൂൺപാം പൈതൽ
പെട്ടെന്നതാ മലർന്നോമൽ കലച്ചോരു
പൊൻവില്ലുപോലെ വളഞ്ഞിടുന്നു
ദൃഷ്ടികൾ രണ്ടുമുരുട്ടിമിഴിയ്ക്കുന്നു
കഷ്ടമിതെന്തൊരു ബാധയാവോ
വേദനയോടമ്മ ചൊല്ലിയൊരു — നല്ല
വൈദ്യനെപ്പോയ്കൊണ്ടുവന്നേതീരു
അച്ഛനുഴറിയെണീററു കുടയുമായ്
വെച്ചില്ലടി മുന്നോട്ടപ്പോഴേയ്ക്കും
ദുർഘടമാമേതോ സ്ഥാനത്തുനിന്നങ്ങു
കേൾക്കുന്നു ഗൗളി ചിലയ്ക്കും ശബ്ദം
ആപത്തിൻസൂചകമെന്നറിവേകിടു
മാമുഹൂർത്തം കഴിഞ്ഞീടുംവരെ
വിത്രസ്തചിന്തനായ്ക്കാലക്കേടോർത്തവൻ
യാത്രപുറപ്പെടാതങ്ങുനിന്നു.
മുന്നേതിലേററവുമുച്ചത്തിൽ കേൾക്കായീ
കുഞ്ഞിൻനിലവിളി വീണ്ടും വീണ്ടും
"നാഴിക മൂന്നേമുക്കാലുമിഴഞ്ഞുപോയ്
പാഴി,ലിനിയെഴുന്നേൽക്കു"കെന്നായ്
യാത്രപുറപ്പെട്ടിതച്ഛൻ ചുമലിലു
ള്ളുത്തരീയത്തെ ശരിപ്പെടുത്തി
തൻപടിവാതില്ക്കൽച്ചെന്നു വഴിനീളെ-
ത്തൻദൃഷ്ടി പായിച്ചൊന്നാശ്വസിച്ചു
തൻകുലദേവതമാരെ സ്മരിച്ചവൻ
ശങ്കവിട്ടഞ്ചടി നീങ്ങിടവെ
മുന്നിൽ വിലങ്ങനെ ചാടിപ്പോയെങ്ങുന്നോ
വന്നൊരു പൂച്ച വഴിയിൽക്കൂടി
എന്തോ! വിഷമമതെന്തൊരു മാരണം
പിന്നെയും വല്ലാത്ത ദുശ്ശകുനം!
മുന്നോട്ടെടുത്ത കാൽ പിൻതിരിച്ചായവൻ
ചെന്നെത്തി വേഗത്തിൽ തൻഗൃഹത്തിൽ
അത്രയും വിഘ്നങ്ങളുണ്ടാക്കിത്തീർത്തോരാ
ദുർദ്ദിനം പോകാൻ ശപിയ്ക്കയായീ.
രാത്രിയിലമ്മയുമച്ഛനുമന്നൊരു
മാത്രയ്ക്കും കൺപോള കൂട്ടിയില്ല.
കത്തിയ്ക്കുമന്ധകാരത്തെപ്പിളക്കാൻ
വന്നുദിച്ചീടിനാൻ വീണ്ടുമർക്കൻ.

. . . . . . . . . . . . . . . . . . . . . .

. . . . . . . . . . . . . . . . . . . . . .

അന്ധവിശ്വാസത്തിൽ വീണ്ടും മുളച്ചുള്ളൊ-
രന്ധവിശ്വാസപ്പടപ്പുകളെ
കൊഞ്ഞനംകാട്ടുന്നതായിട്ടുകണ്ടിതു
കുഞ്ഞിനെ പിറേറന്നു ചുററുമുള്ളോർ.

# എങ്ങനെ യുദ്ധം ചെയ്യും?

മുഹമ്മദ് ഇക്ബാൽ, പി. കെ. എം.

ശൂന്യമെന്നാവനാഴി-
യെങ്ങനെ യുദ്ധം ചെയ്യും?
ശൂരത വെടിഞ്ഞോരെൻ
ഞാണു ഞാൻ പൊട്ടിക്കട്ടെ!
അമ്പുതന്നിരമ്പലെൻ
ചെകിട്ടിൽ പതിക്കുന്നു
വൻപനാമെന്നിൽ നിന്നൊ-
രമ്പിനി പറക്കില്ല!
ചീറിയെത്തട്ടേ, മാറിൽ
തുളച്ചേറട്ടെ, ശത്രു
നേരെയാഞ്ഞയച്ചിട്ട-
മമ്പുകളോരോന്നായി.
കഷ്ടമിന്നെന്നെക്കൊല്ലാ
നമ്പുകൾക്കറിയില്ലേ
നഷ്ടമാമെൻ ജീവിത
മിനിയുമൊടുങ്ങില്ലേ?

അലയും രക്തച്ചാലിൽ
രേണു വീണടിയുമ്പോൾ
ഉലയും രഥമിതി-
ലലയും മമചിന്ത.
മതി, യെന്നാട്ടം തീർന്നു;
മതിയായെനിക്കിനി
വിധിയേ, കട്ടൻ വീഴാൻ
കാത്തുഞാനിരിക്കുന്നു.
കരിയാലുഴുതപോൽ
രഥചക്രത്തിൻ ചാലിൽ
മിഴി ഞാൻ വിതക്കട്ടെ,
രുധിരം നനക്കട്ടെ,
വളമായെല്ലാം കൊട്ടി-
ത്തൊട്ടുവിലമൂല്യമാം
വിളവി,ന്നെന്നെ ക്കൊല്ലു-
മമ്പിനായിരിപ്പു ഞാൻ!

# Free of all Ties

Break break the bars of this prison
Strangle the jingle — jangle of bangles
My heart leaps from the Corporeal frame
I am dissolving in the lashing wind.
The vulgar society that finds sex
In the smicker smickets of fair sex
Spell bound by conventions holds in sway
The genius, poets and pedagogues.
The soul of the world is dead and gone
Leaving behind the bones of wrecked hopes alone
The Sure sweet glue and lime of love
Lost its worth and is found no more.
I wish I had severed relations with it
To live as flotsam and jetsam
As feather in the wind, as leaf in the flow
Free free and free of all ties.

**Thayippalli Radha Krishnan,**
**II M. A. English**

# In The Rendezvous

I soared into space, like a gorgeous bird
To reach my queen, to keep my promise
For the life in the paroachial world
Was over for me for ever and ever.
Came to an end the forlorn aeons,
Dreamy days of vicious pain,
When in the golden stillness of tranquil nights,
She lingered in my heart, like a fiery intoxication.
With miraculous alacrity, the impregnable gates opened wide
In a flurry of indecision, I entered her realm
Of fleeting melody, of flawless loreliness,
Flooded with memories, racked with longing.
The whole world burst into poignant colours
And I saw her, like an acme of perfection
Below the gibbous moon, in the milky light,
Amidst the blooming blooms, like a nascent bud.
Like a streak of lightning it stuck me then —
Behind those entrancing lashes was — a puzzling question —
I felt my heartstrings tug, for in those gazelle eyes
Was the gentle meandering of a stream of torpor.
Or was my vision misted by emotions ?
In her limbo of oblivion, I saw my careass
In her rainbow hued skies, I saw only my silhouette.
I heard my raucious voice ask my fay,
"Why this dissimulation, this demeanour?"
A dream like quality suddenly encompassed her
The magic aura melted away.....
While I stood with a typhoon in my mind,
She disappeared.......

**Jalaja M. R., II B. A. (Eng.)**

# My Fair Lady

Like a dew drop on a leaf,
She clung to me.
In the night full of moonlight,
And stars overhead.
The might was ours, ours, only ours,
Till the morn.
We whispered in each others ears,
Meaningless words of love.
I loved her, she loved me,
Like Romeo and Juliet.
I held her light in my arms,
Embracing.
I kissed her rosy-red lips,
As sweet as honey.
I was in the ship of joy sailing,
Away with her.
We entered the heaven on earth,
The lover's Paradise.

**Babu Raghutham S.,**
**II B. Com.**

# നിന്നെക്കുറിച്ചുള്ള ഗാനം

സി. പി. സുബ്രഹ്മണ്യൻ, I B. Sc. (Zoology)

വേദനാ . . . . വിരഹവേദനാ
ഈ വിരഹവേദനയിൽ ഞാൻ
വേഴാമ്പൽപോലെ അലഞ്ഞു
സ്നേഹത്തിൻ വിശാലനദിക്കരയിൽ
ദാഹിച്ചു ദാഹിച്ചു മയങ്ങി.

(വേദനാ . . . .)

ഓർമ്മകൾ വർണ്ണപ്പകിട്ടു വിരിക്കും
ആ മനോഹരതീരത്തിൽ
മയങ്ങീ ഞാൻ സങ്കല്പത്തമ്പുരുമീട്ടി
ആ വിശുദ്ധപ്രേമസൗധത്തിൽ, എന്റെ
ആ വിശുദ്ധപ്രേമസൗധത്തിൽ

(വേദനാ . . . .)

ഹൃദയാന്തരാളത്തിൽനിന്നാരോ
മൂകമായ് പാടി ആ ഗാനം
എൻ ഓർമ്മകൾതൻ നാദം
നിന്നെക്കുറിച്ചുള്ള ഗാനം
നിന്നെക്കുറിച്ചുള്ള ഗാനം.

(വേദനാ . . . .)

# The Evening Was Blue

A smooth white hand lay on the formica-table,
beside a cup of coffee.
. looked up : there was
your face,
framed in the hair's black.

Your eyes were two black stars,
your lips,
a pair of geranium buds.

A pale lightning darted over your brow,
and your eyes
were full of wanton waywardness.

The sweet ruins of a lost dream,
the meaning of a hieroglyphic symbol
Suddenly flashed into my head.

The Evening was blue.

**P. P. Shahul Hameed, English, Dept.**

# TO MY LOVE

Sincerity
O my love; my sweet heart;
with tenderness in my heart
and a lofty lucid thought
in my mind,
I loll, alone
in a full merry moon-lit night
an' long
for a lasting look
at your lively lovable charming face,
love-filled limpid gleaming eyes
and those rose-like ruddy cheeks
that stir my serious serene soul.
Peeping through
the multi-coloured curtain
of this peculiar perfedious world
I find,
as a shadowy shrine
the adorn'd image always adored.
There, in that
scornful deceitful world
envy wins,
Plutocracy reigns and the poor suffers.
Damn, O my dear
that dreary dreadful world
and come to me with a smile.
I never
find in you
a freakish fatuous flirting girl,
but the finest fervent love.
Smile, O my love
like a beautiful lily white,
half concealed
among the garden leaves.
Sit on
a soft silken swing,
woven by the Angel's wing
and fly to me,
piercing through the windy world,
in your hand the magic wand –
( the wand of love ) !

**Ambalangadan Mohamed,**
**I M. A. (Eng).**

# വേർപാട്

**ആർ. സി. പുളിക്കോടൻ, II P. D. C. ($S_3$)**

എങ്ങുപോയെങ്ങുപോയെന്മകനെ!
എങ്ങനെ കാണും ഞാൻ നിന്നെ മേലിൽ?
എൻമാറിൽ നീയൊന്നു ചാഞ്ഞുറങ്ങാൻ
നിൻമേനിതൊട്ടു തലോടിടുവാൻ.
ഓമനപ്പുഞ്ചിരിപ്പാൽനുകരാൻ
എന്നിനിക്കാണും ഞാൻ നിന്നെ മേലിൽ?
പിഞ്ചുകാൽവെച്ചും, നടന്നുവീണും
കെഞ്ചിയമ്മിഞ്ഞക്കായ് വാശിവച്ചും
കൊഞ്ചിക്കുഴഞ്ഞരിപ്പല്ലുകാട്ടി
കിന്നാരം ചൊല്ലുന്ന കൊച്ചുകള്ളൻ,
മുത്തം നുകന്നൊന്നു പുഞ്ചിരിക്കാൻ,
എത്തുമോ നീയിനി വല്ലകാലം?

പാലൂട്ടിത്താരാട്ടിത്തൊട്ടിലാട്ടി
പാടിയുറക്കാം ഞാൻ നിന്നെയെന്നും,
എങ്ങിനെ പോയി നീ നിന്റെയമ്മ
കാത്തിരിക്കുന്നിതാ കണ്ണുനീരാൽ.
വാനിൽ മുകളിൽ നീ കൂട്ടുകാരായ്
ഗാനങ്ങൾ പാടി സുഖിച്ചിരിക്കു
ഒന്നിടയ്ക്കമ്മയെക്കണ്ടുപോകാൻ
വന്നുകൂടെന്നുണ്ടോ പൊന്മകനെ?
പിഞ്ചുകരങ്ങളിൽ കണ്ണീർ നീക്കി-
യഞ്ചാറു മുത്തം നീ തന്നുപോകൂ
അല്ലെങ്കിലമ്മയെക്കൊണ്ടുപോകൂ
അല്ലലില്ലാതെ കഴിഞ്ഞുകൂടാം.

# വിജയത്തിലേക്ക്

ഓതല്ലൂർ ബഷീർ, I P. D.

അങ്ങു്.
അനന്തതയിൽ,
അംബരചുംബികളായി
ഭീകരദേഹവുമായി
ഗംഭീരഭാവവുമായി
നില്ക്കുന്നു, രണ്ടു പർവ്വതങ്ങൾ!

പച്ചപിടിച്ച കാടുകളും
ലതകളും പുഷ്പങ്ങളും
കായ്കളും കനികളും
ഹരിനീലതൃണങ്ങളും
പാറകളും പറവകളും
മൃഗങ്ങളും സസ്യങ്ങളും
ഐക്യമോടെ കഴിയുന്ന
രണ്ടു വലിയ പർവ്വതങ്ങൾ!

വിദൂരതയിൽനിന്നു നോക്കിയാൽ
പുകയെന്നു തോന്നുന്ന
ആ പർവ്വതത്തിന്നടിവാരത്തിൽ
സുകുമാരസൂനംപോലെ
നില്ക്കുന്നു. ഒരു കൊച്ചുവീടു്.

ആ കുടിലിൽനിന്നും, ആരേയും
വെളിയിൽ പോകാൻ സമ്മതിക്കാതെ,
പടുത്തുയർത്തിയ മതിൽപോലെ,
തളച്ചിട്ട ആനകളെപ്പോലെ,
നിർഭയരായ് വസിക്കുന്നു
ആ രണ്ടു പർവ്വതങ്ങൾ.

പരിഷ്കാരത്തിൽനിന്നൊററപ്പെട്ടു്
പ്രാചീനത്വത്തിൻപിടിയിൽപെട്ടു്
മനുഷ്യരിൽനിന്നകന്നുനില്ക്കും
ആ വീടിനെ
ആ വീട്ടിലെ മനുഷ്യരെ
ലോകത്തോടടുപ്പിക്കാൻ,
തല നരച്ചെങ്കിലും
യുവത്വം മുററിനില്ക്കുന്ന
ആ മനുഷ്യന്റെ സിരയിലൂടെ
രക്തം കയറി.
രക്തത്തോടൊപ്പം ബുദ്ധിയും.

മൺവെട്ടികൾ കയ്യിലേന്തി
മക്കളേയും മരുമക്കളേയും കൂട്ടി
മലകൾ വെട്ടാൻ തുടങ്ങിയപ്പോൾ
കല്ലുകളും പാറകളും
പൊടികളായി; മൺതരികളായി:

മിനുട്ടുകളും മണിക്കൂറുകളും
ദിവസങ്ങളും ആഴ്ചകളും
മാസങ്ങളും വർഷങ്ങളും
ഒന്നൊന്നായി പിന്നിട്ടു.

നാളുകൾ പിന്നിട്ടിട്ടും
വർഷങ്ങൾ കടന്നുപോയിട്ടും
അടിപതറാതെ, അടിയിളകാതെ
പൊരുതിയപ്പോൾ,
മരങ്ങളും മലകളും
അപ്രത്യക്ഷമായി —
എങ്ങോ
എവിടെയോ
പോയ് മറഞ്ഞു.
കാരണം . . .
ആത്മവിശ്വാസത്തിൽ നേത്തെടുത്ത
ആഗ്രഹങ്ങൾ സാധിക്കാൻ
അടിപതറാതെ പൊരുതിയപ്പോൾ
ജനങ്ങൾ —
സഹോദരസ്നേഹമുള്ള ജനങ്ങൾ

എവിടെനിന്നോ
അവരെ സഹായിക്കാൻ
വന്നുതുടങ്ങി; അതോടെ
മരങ്ങളും മലകളും
അപ്രത്യക്ഷമായി,
എങ്ങോ എവിടെയോ പോയ് മറഞ്ഞു.

നമ്മെയും ബാധിക്കുന്ന,
ഇതിനേക്കാൾ ഭീകരമായ,
ഇതിനേക്കാൾ ഉന്നതമായ,
പ്രശ്നങ്ങൾ.
നമ്മുടെ മുന്നിലും സ്ഥിതിചെയ്യുന്നു
ഇതിനേക്കാൾ ഗൗരവമേറിയ
ഇതിനേക്കാൾ ഭയാനകമായ
പ്രശ്നങ്ങൾ.

അതുകൊണ്ട് . . .
അതുകൊണ്ട് . . .

ദുഃഖത്തിന്റെ, ദാരിദ്ര്യത്തിന്റെ
ഘനമേറിയ മൂടുപടമണിഞ്ഞ്
സുഖത്തിന്റെ, സന്തോഷത്തിന്റെ
പിടിയിൽനിന്നും വലിഞ്ഞുമാറി,
ജീവിതമാം സമുദ്രത്തിൻ
തിരകളിൽ കുടുങ്ങിയോരേ,
വാനോളം ഉയർന്നാലും
ആ തിരകളെ ഭേദിച്ച്
പവിത്രമാം നിൻ
ലക്ഷ്യങ്ങൾ നേടിടാൻ
മുന്നോട്ട് കുതിക്കുവിൻ.

ആദിത്യൻ ഉയർന്നിട്ടും
അഗ്നികൾ ജ്വലിച്ചിട്ടും
വെടിമരുന്നുകൾ പുകഞ്ഞിട്ടും
മയങ്ങിക്കിടക്കുന്ന,
ഭീകരമാം വിശപ്പിന്റെ
നടുവിൽ കിടന്നുഴലുന്ന
സുന്ദരസൃഷ്ടികളേ
ഉണരുവിൻ . . . . ഉണരുവിൻ.

സത്യത്തിൻ സമാധാനത്തിൻ
'ദീപശിഖ' കയ്യിലേന്തി
അക്രമമൊടുക്കിക്കൊണ്ട്
അരാജകത്വം തകർത്തുകൊണ്ട്
വളരുവിൻ . . . . വളരുവിൻ!

ആയിരം ജനതയെ
കണ്ണീരിൽ മുക്കിക്കൊണ്ട്
ഒരുവൻ മാത്രം സുഖത്തിൽ കഴിയുന്ന
ഇന്നത്തെയവസ്ഥയെ
തകർക്കുവിൻ . . . . തകർക്കുവിൻ.

പിന്നോക്കം തിരിയാതെ
മുന്നോട്ടുമാത്രം നോക്കി
ജീവിതത്തിലെ പ്രശ്നങ്ങളെ
കരുത്തോടെ നേരിടാൻ
വളരുവിൻ വളരുവിൻ!